# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ-സി 1/969/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 23/07/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ-സി 1/969/2022 തീയ്യതി: 23/07/2022

## കണ്ണൂർ ജില്ലയിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-03-2021 മുതൽ 22-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സാബു.പി.എസ് | ഡെപ്യൂട്ടി ഡയരക്ടർ | 23-06-2022 | 30-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-06-2022 | 30-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ് ബാബു.കെ.വി,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ.മനോജ് കുമാർ ടി ജോർജ്ജ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി നിഷ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി സബിത.കെ,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പി.നളിനി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ.വി.എം.ഉണ്ണിക്കൃഷ്ണൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി.മഞ്ജൂഷ.പി.വി.കെ | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജേഷ്.എം.കെ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.നിഷ.ജി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.അഷിത.പി.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പാടിയോട്ടുചാൽ സർക്കിൾ | 01-04-2020 | 06-01-2021 |
| ശ്രീമതി.ശ്രീലത.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പാടിയോട്ടുചാൽ സർക്കിൾ-ഇൻ ചാർജ് | 07-01-2021 | 21-01-2021 |
| ശ്രീമതി.സൗമ്യ.സി.എച്ച് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പാടിയോട്ടുചാൽ സർക്കിൾ | 22-01-2021 | 31-03-2021 |
| ശ്രീമതി.ശ്രീലത.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പെരിങ്ങോം സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീമതി.വിഭ.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 20-05-2020 |
| ശ്രീമതി.ലൂസി സി ഡി | ഐ സി ഡി എസ് സൂപ്പർവൈസർ | 21-05-2020 | 12-11-2020 |
| ശ്രീമതി.ലീന.കെ.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 13-11-2020 | 31-03-2021 |
| ഡോ:എം.എൻ.അനിത | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2020 | 31-03-2021 |
| ഡോ:മഞ്ജൂഷ.എൻ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീ.വേണുഗോപാലൻ.എം.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 02-09-2020 |

| | | | |
|---|---|---|---|
| ശ്രീ.അനിൽകുമാർ പാടാച്ചേരി | അസിസ്റ്റന്റ് സെക്രട്ടറി | 03-09-2020 | 10-03-2021 |
| ശ്രീ ബിറ്റാജ് തോമസ് | അസിസ്റ്റന്റ് സെക്രട്ടറി | 11-03-2021 | 31-03-2021 |
| ശ്രീമതി.പ്രീതി.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.മിനി നാരായണൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ഡോ.വിനീത് പണിക്കർ | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി പി. രാധാമണി | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-05-2020 |
| ശ്രീ.ദാമോധരൻ പി. | ഹെഡ് മാസ്റ്റർ | 01-06-2020 | 31-03-2021 |

12-11-2020 മുതൽ 20-12-2020 വരെയുള്ള കാലയളവിലെ ഭരണനിർവഹണസമിതി അംഗങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു. 1.ശ്രീമതി മഞ്ജുഷ.പി.വി.കെ ,സെക്രട്ടറി 2.ശ്രീ രാജേഷ്.എം.കെ,അസിസ്റ്റന്റ് എൻജിനീയർ,തസ്വഭവ, 3.ശ്രീമതി നിഷ.ജി,കൃഷി ഓഫീസർ. 21-12-2020 തീയതീയിൽ പുതിയ ഭരണസമിതി നിലവിൽ വരികയും 30-12-2020 തീയതിയിൽ പുതിയ ഭരണസമിതിയുടെ പ്രസിഡണ്ട് ചുമതലയേൽക്കുയും ചെയ്തു.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Suresh Babu KV (Audit Officer, On 04-07-2022)<br>Last Updated By: Suresh Babu KV (Audit Officer, On 04-07-2022) | 1-1 |
| 2 | ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 04-07-2022)<br>Last Updated By: Sindhu T P (Audit Officer, On 18-07-2022) | 1-1-1 |
| 3 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 04-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-1-2 |
| 4 | വാർഷികധനകാര്യപത്രിക<br>Written By: Suresh Babu KV (Audit Officer, On 06-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-2 |
| 5 | വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ<br>Written By: Manoj Kumar.T.George (Asst. Audit Officer, On 01-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-2-1 |
| 6 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)<br>Written By: Suresh Babu KV (Audit Officer, On 06-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: Manoj Kumar.T.George (Asst. Audit Officer, On 01-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Suresh Babu KV (Audit Officer, On 04-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Manoj Kumar.T.George (Asst. Audit Officer, On 01-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-6 |
| 10 | എം.ജി.എൻ.ആർജി.എസ് പദ്ധതി നിർവഹണം- അപാകങ്ങൾ.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 01-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-6-1 |
| 11 | ക്ഷേമ പദ്ധതികൾ<br>Written By: Sabitha.K (Auditor, On 05-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-7 |
| 12 | ക്യാഷ് പരിശോധന<br>Written By: Suresh Babu KV (Audit Officer, On 04-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-07-2022) | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം<br>Written By: Suresh Babu KV (Audit Officer, On 04-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 04-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-07-2022) | 1-10 |
| 15 | വസ്തുനികുതി- അപാകതകൾ<br>Written By: Sabitha.K (Auditor, On 02-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-11 |
| 16 | എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല<br>Written By: Sabitha.K (Auditor, On 02-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-12 |
| 17 | മുറിച്ചുമാറ്റിയ മരങ്ങൾ ലേലം നടത്തുന്നതിലെ കാലതാമസം. | 1-13 |

| | | |
|---|---|---|
| | Written By: Sabitha.K (Auditor, On 02-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | |
| 18 | ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിലെ കാലതാമസം.തനത് വരുമാനമിനത്തിൽ ലഭിക്കേണ്ട ലക്ഷക്കണക്കിന് രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നു.<br>Written By: Suresh Babu KV (Audit Officer, On 06-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-14 |
| 19 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 01-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-15 |
| 20 | ശുചിത്വ മിഷൻ ഫണ്ട് -ചെലവ് രേഖകൾ ലഭ്യമല്ല. 1,60000 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 01-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-16 |
| 21 | കുടിവെള്ള വിതരണം- ജല അതോറിറ്റിയിൽ നിന്നുള്ള സാക്ഷ്യ പത്രം ലഭ്യമല്ല - 737475 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു<br>Written By: Manoj Kumar.T.George (Asst. Audit Officer, On 01-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-17 |
| 22 | വാഹന ഉപയോഗം- അപാകങ്ങൾ.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 01-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-07-2022) | 1-18 |
| 23 | ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാല താമസം<br>Written By: Manoj Kumar.T.George (Asst. Audit Officer, On 01-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-19 |
| 24 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 01-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-20 |
| 25 | സർവ്വീസ് പെൻഷൻ /ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തിരിച്ചടക്കേണ്ടതാണ്.<br>Written By: Sabitha.K (Auditor, On 02-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-21 |
| 26 | അങ്കണവാടികൾക്ക് കുടിവെള്ളം-മോട്ടോർ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനാൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല, വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Suresh Babu KV (Audit Officer, On 06-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-22 |
| 27 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ വാങ്ങൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 01-07-2022)<br>Last Updated By: Sindhu T P (Audit Officer, On 18-07-2022) | 1-23 |
| 28 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹമായതിലും അധികം തുക അനുവദിച്ചു.<br>Written By: Nisha K (Senior Grade Auditor, On 01-07-2022)<br>Last Updated By: Rajilan M.C (Deputy Director, On 23-07-2022) | 1-24 |
| 29 | അങ്കണവാടി പോഷകാഹാരം- ന്യൂട്രിമിക്സ് തുകയിൽ നിന്നും ജി എസ് ടി – ടി ഡിഎസ് കുറവ് ചെയ്തിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 30-06-2022)<br>Last Updated By: Rajilan M.C (Deputy Director, On 23-07-2022) | 1-25 |

| | | |
|---|---|---|
| 30 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്<br>Written By: Nisha K (Senior Grade Auditor, On 01-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-26 |
| 31 | ലൈഫ് ഭവന പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത്<br>Written By: Manoj Kumar.T.George (Asst. Audit Officer, On 01-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-27 |
| 32 | തരിശുഭൂമി കൃഷിയോഗ്യമാക്കൽ - പച്ചക്കറി കൃഷി - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ - തടസ്സം ₹37,700<br>Written By: Nisha K (Senior Grade Auditor, On 02-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-28 |
| 33 | കരനെൽ കൃഷി - ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തയാൾക്ക് സബ്സിഡി അനുവദിച്ചു. - ₹1632 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു<br>Written By: Nisha K (Senior Grade Auditor, On 02-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-07-2022) | 1-29 |
| 34 | അസിസ്റ്റന്റ് സെക്രട്ടറിയുടെ പദ്ധതി നിർവഹണം -അപാകങ്ങൾ.274468 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 01-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-30 |
| 35 | സാന്ത്വന പരിചരണം - മരുന്നുകൾ മുഴുവൻ ലഭിച്ചിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 01-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 04-07-2022)<br>Last Updated By: Rajilan M.C (Deputy Director, On 23-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Suresh Babu KV (Audit Officer, On 04-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 04-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 04-07-2022)<br>Last Updated By: Suresh Babu KV (Audit Officer, On 04-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Suresh Babu KV (Audit Officer, On 04-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Suresh Babu KV (Audit Officer, On 04-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Suresh Babu KV (Audit Officer, On 04-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Suresh Babu KV (Audit Officer, On 04-07-2022)<br>Last Updated By: Suresh Babu KV (Audit Officer, On 04-07-2022) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Suresh Babu KV (Audit Officer, On 04-07-2022)<br>Last Updated By: Suresh Babu KV (Audit Officer, On 04-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Suresh Babu KV (Audit Officer, On 06-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Suresh Babu KV (Audit Officer, On 04-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 17-01-2020തീയതിയിലെ യോഗത്തിലെ 06/2020നമ്പർ തീരുമാനപ്രകാരം തയ്യാറാക്കിയ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2020-21സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് 17-03-2020തീയതിയിൽ ചേർന്ന ഭരണസമിതിയുടെ പ്രത്യേകയോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനംനമ്പർ-55/2020) 24-03-2020തീയതിയിൽ ചേർന്ന ഭരണസമിതിയുടെ സാധാരണ യോഗത്തിൽ (തീരുമാനം നമ്പർ-61/2020) അംഗീകരിക്കുകയുമുണ്ടായി. ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ 15-02-2021തീയതിയിലെ യോഗത്തിലെ 12/2021നമ്പർ തീരുമാനപ്രകാരം തയ്യാറാക്കിയ 2020-21 വർഷത്തെ പരിഷ്കരിച്ച ബജറ്റ് ഭരണസമിതിയുടെ 22-02-2021 തീയതിയിലെ 67/21 നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകുകയുമുണ്ടായി.വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 17829306 | 8571360 |
| വരവ് | 176059314 | 311172124 |
| ആകെ | 193888620 | 319743484 |
| ചെലവ് | 182668818 | 312001126 |
| നീക്കിയിരിപ്പ് | 11219802 | 7742358 |

### 1-1-1 ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2020-21 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

### 1-1-2 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. അധിക വിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുന്നതിനായി ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 29.08.2021 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ

പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

1) വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങൾ നിലവിൽ ലഭ്യമല്ലെന്നും അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ അറിവില്ലായ്മ മൂലം വിട്ടു പോയതാണെന്നുമാണ് പഞ്ചായത്തിന്റെ വിശദീകരണം. (ഓഡിറ്റ് എൻക്വയറി നമ്പർ 16/2020-21/29.06.2022)

2) 2010-11 സാമ്പത്തിക വർഷത്തിൽ ഇ.എം.എസ് ലോൺ ഇനത്തിലുള്ള ബാധ്യതക്ക് തുല്യമായ തുക ആസ്തി ആയി ഉൾപ്പെടുത്താൻ വിട്ടു പോയതിനാൽ ബാലൻസ് ഷീറ്റിൽ പഞ്ചായത്ത് ഫണ്ട് മൈനസായി തുടർന്നു വരികയാണ്.

3) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4) സംസ്ഥാനാവിഷ്കൃത , പദ്ധതികൾ ,കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ സംബന്ധിച്ച് പഞ്ചായത്ത് എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

5) ദുരിതാശ്വാസ നിധി അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് /പാസ് ബുക്ക് എന്നിവ പ്രകാരമുള്ള നീക്കിയിപ്പ് 900 രൂപയാണ്.എന്നാൽ ബി2ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത് 3780/ രൂപയാണ്. 2880 രൂപ തനത് ഫണ്ട് അക്കൗണ്ടിൽ ഒടുക്കിയത് മൂലമാണ് ഈ അപാകം സംഭവിച്ചത് .

6) ലോൺ രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. 2019-20 വർഷത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത 6,83,823 രൂപ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിരുന്നത് കൊണ്ടാണ് വ്യത്യാസം സംഭവിച്ചത്.

7) പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം ഇൻവെസ്റ്റ്മെന്റ് നീക്കിയിരിപ്പ് (31.03.2021ലെ) ₹2195000/- ആണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക ബി.12 ഷെഡ്യൂൾ പ്രകാരം ₹2181250/- ആണ്. ഈ വ്യത്യാസത്തിന്റെ കാരണം വ്യക്തമായി വിശദീകരിച്ചിട്ടില്ല.

8) ടെണ്ടർ ഫോമുകളുടെ സ്റ്റോക്ക്-വിതരണ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
9)ആസ്തികളുടെ തേയ്മാനമായി ഉൾപ്പെടുത്തിയ തുകയുടെ കൃത്യതപരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

10) ലേല രജിസ്റ്റർ പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

11) അഡ്വാൻസ് രജിസ്റ്റർ പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

12) ഭരണ സമിതി അംഗങ്ങളുടെ ഹോണറേറിയം ഇനത്തിലുള്ള ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

13) 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ബി1 ഷെഡ്യൂളിൽ Excess Of Income Over Expenditure ആയി ഉണ്ടായിരുന്നത് -44396919 ആയിരുന്നു. 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 25569148 ആണ് തുക. 2020-21 വർഷത്തെ ബി1 ഷെഡ്യൂളിൽ -15186231 ആണ് Excess Of Income Over Expenditure കണക്കാക്കിയിരിക്കുന്നത്. 2019-20 ലെ ബാലൻസ് തുക കാരി ഓവർ ചെയ്ത കൂട്ടുമ്പോൾ തുക പൊരുത്തപ്പെടുന്നില്ല. ഈ അപാകം സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

14) ബി4 ഷെഡ്യൂളിൽ 320100181 ടോട്ടൽ സാനിറ്റേഷൻ ക്യാംപെയിൻ എന്ന ഹെഡ്ഡിൽ 709074 രൂപയും 320100198 ഗ്രാന്റ് ഫ്രം ശുചിത്വ മിഷൻ എന്ന ഹെഡ്ഡിൽ 3264281 രൂപയും ബാധ്യതയായി നില നിൽക്കുന്നു. ഈ തുകകൾ ഏതു വർഷങ്ങളിൽ ഏതൊക്കെ പദ്ധതികൾക്കു വേണ്ടി ലഭിച്ചതാണെന്ന സംബന്ധിച്ചുള്ള വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല.

15) സർവ ശിക്ഷാ അഭിയാൻ പദ്ധതി ഇനത്തിലുള്ള നീക്കിയിരിപ്പ് തുകയുടെ പലിശ ഇനത്തിൽ ലഭിച്ച 5108 രൂപ എസ്.എസ്.എയുടെ വരവായി ഉൾപ്പെടുത്താതെ ബാങ്ക് പലിശ എന്ന ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയത്.

അപാകങ്ങൾ പരിഹരിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18024573 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 86967284 |
| ആകെ | 104991857 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88607174 |
| നീക്കിയിരിപ്പ് | 16384683 |
| വരവിനങ്ങളിലുള്ള നഷ്ടം | * |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | * |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1211275 |

* നഷ്ടമായ തുക ഓഡിറ്റ് വേളയിൽ തിരിച്ചടച്ചിട്ടുണ്ട്. 4-10 (എഫ്) കാണുക

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 21070270 | 21070270 | 18892563 | 2177707 |
| വികസന ഫണ്ട് (എസ്.സി.പി.) | - | 6362721 | 6362721 | 2983146 | 3379575 |
| വികസന ഫണ്ട് (ടി.എസ്.പി.) | - | 737284 | 737284 | 640923 | 96361 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 11506000 | 11506000 | 11506000 | - |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 5727000 | 5727000 | 5727000 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | - | 7560000 | 7560000 | 3163863 | 4396137 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | - | 18540510 | 18540510 | 13894503 | 4646007 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 471688 | 16888681 | 17360369 | 17359869 | 500 |
| ഐ.സി.ഡി.എസ് (അനു പൂരക പോഷകാഹാരം | 1693072 | 1193445 | 2886517 | 1601023 | 1285494 |
| സർവ ശിക്ഷ അഭിയാൻ | 153669 | - | 153669 | | 153669 |
| എം.പി. ഫണ്ട് | 8156 | 165 | 8321 | - | 8321 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ & മറ്റ് വരവുകൾ | | | | | |
| ശുചിത്വ മിഷൻ | 276410 | 3018813 | 3295223 | 30942 | 3264281 |
| അങ്കണവാടി നെയിം ബോർഡ് | - | 117000 | 117000 | - | 117000 |
| ആധാർ എൻറോൾ മെന്റ് | 100 | - | 100 | | 100 |

| | | | | | |
|---|---|---|---|---|---|
| ടോട്ടൽ സാനിറ്റേഷൻ (32100181) | 2880907 | - | 2880907 | 2171833 | 709074 |
| ബെസ്റ്റ് പഞ്ചായത്ത് അവാർഡ് | 10000 | - | 10000 | - | 10000 |
| വിമുക്തി | 6160 | - | 6160 | - | 6160 |
| ജല നിധി | - | 1043817 | 1043817 | - | 1043817 |
| സാക്ഷരത | 1046 | 42 | 1088 | - | 1088 |

ഗ്രാന്റ് വിനിയോഗ പത്രിക – പഞ്ചായത്ത് സമർപ്പിച്ച ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ സംസ്ഥാനാവിഷ്കൃത, കേന്ദ്രാവിഷ്കൃത പദ്ധതി കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | പൂർത്തീ കരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 190 | 111789487 | 147 | 70316941 | 1 | 146 | 43 | 77 |

നിർവ്വഹണ ഉദ്യോഗസ്ഥൻമാർ മുഖാന്തിരം നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 12 | 4803666 | 3880250 | 80.78 |
| വെറ്റിനറി സർജൻ | 3 | 2 | 697545 | 497545 | 71.33 |
| മെഡിക്കൽ ഓഫീസർ-സിഎച്ച്സി | 2 | 2 | 585000 | 408021 | 69.75 |
| മെഡിക്കൽ ഓഫീസർ -ആയുർവ്വേദം | 2 | 2 | 1600000 | 1600000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 246000 | 64186 | 26.09 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 22 | 19 | 27871410 | 11888030 | 42.65 |
| ഐസിഡിഎസ് സൂപ്പർവൈസർ | 8 | 7 | 7538512 | 7037461 | 93.35 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 2 | 2 | 2580000 | 2152240 | 83.42 |
| സെക്രട്ടറി,ഗ്രാമപഞ്ചായത്ത്. | 24 | 23 | 7293317 | 6171940 | 84.62 |
| ഹെഡ്മാസ്റ്റർ,ഗവ.യു പി.സ്കൂൾ | 5 | 4 | 735000 | 650000 | 88.84 |
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 99 | 65 | 55255433 | 34268966 | 62.02 |
| അസിസ്റ്റന്റ് സെക്രട്ടറി,ഗ്രാമപഞ്ചായത്ത്. | 9 | 8 | 2583604 | 1698302 | 65.73 |

| | | | | | |
|---|---|---|---|---|---|
| ആകെ | 190 | 147 | 111789487 | 70316941 | 62.90 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ഭരണ ചെലവ് | 471688 | 590681 | 1062369 | 1061869 | 500 |
| തൊഴിൽകൂലി + മെറ്റീരിയൽ | - | 16298000 | 16298000 | 16298000 | - |
| ആകെ | 471688 | 16888681 | 17360369 | 17359869 | 500 |

## 1-6-1 എം.ജി.എൻ.ആർജി.എസ് പദ്ധതി നിർവഹണം- അപാകങ്ങൾ.

പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്തിലെ 2020-21വർഷത്തെ എം.ജി എൻ.ആർ.ഇ.ജി.എസ് പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

1) ജി.എസ്.ടി ആക്ട് സെക്ഷൻ 51 അനുസരിച്ച് രണ്ടരലക്ഷം രൂപയിൽ അധികരിക്കുന്ന കരാർ തുക വരുന്ന വാങ്ങൽ നടത്തുന്ന/സേവനം കൈപ്പറ്റുന്ന സംഗതികളിൽ ബില്ലിൽ /ഇൻവോയ്സിൽ കാണിച്ചിരിക്കുന്ന ടാക്സ് കഴിച്ചുള്ള തുകയുടെ 2% നിരക്കിൽ ടി.ഡി.എസ്.ആയി ജി.എസ്.ടി ഈടാക്കി അടവാക്കേണ്ടതുണ്ട്. എന്നാൽ പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്തിൽ മേൽപരാമർശിച്ചതു പ്രകാരമുള്ള പ്രവൃത്തികളിൽ ഇപ്രകാരം തുക ഈടാക്കിയിട്ടില്ല.

2) പ്രവൃത്തി ഫയലുകളിൽ സൈറ്റ് ഡയറി സൂക്ഷിച്ചിട്ടില്ല.

3) പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് മോണിട്ടറിംഗ് നടത്തിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

4) എഗ്രിമെന്റുകൾ കരാറുകാരന്റ കൈയ്യൊപ്പു മാത്രം വാങ്ങിച്ച് ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്താതെ സൂക്ഷിക്കുകയാണ് ചെയ്തിരിക്കുന്നത്. ടെണ്ടർ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5) റോഡ് പ്രവർത്തികളുടെ പൂർത്തീകരണത്തിനു ശേഷം ആസ്തി രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

അപാകങ്ങൾ പരിഹരിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ - 37/30.06.2022)

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 9425000 | 431 |
| തൊഴിൽ രഹിത വേതനം | 35640 | 59 |
| വിധവാപെൻഷൻ | 28387900 | 1488 |
| വാർദ്ധക്യകാലപെൻഷൻ | 45079900 | 2305 |
| ഭിന്ന ശേഷി പെൻഷൻ | 6857800 | 361 |

| | | |
|---|---|---|
| 50വയസ്സ് കഴിഞ്ഞവർക്കുള്ള അവിവാഹിതപെൻഷൻ | 1443400 | 70 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180,000 | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.06.2022 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8166രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടനിർമ്മാണം/വിപുലീകരണം നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി വസ്തുനികുതി ഈടാക്കുന്നുണ്ട്. എന്നാൽ ഇത്തരം അനുമതിയില്ലാത്ത് നിർമ്മാണപ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട്ചെയ്യുന്നതിന് സാധിക്കാത്തത് പരിശോധന നടത്തുന്നതിലെ കാര്യക്ഷമതയില്ലായ്മ കാരണമാണെന്ന് വ്യക്തമാണ്.പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.വസ്തുനികുതി,തൊഴിൽനികുതി,ലൈസൻസ് ഫീസ് ഇനങ്ങളിൽ വരുമാനവർദ്ധനവിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഉൾപ്പെടുത്തേണ്ടതുമാണ്.

ഡി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ (ഡിസംബർ 2021-ഫെബ്രുവരി2022) റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2021 ഡിസംബർ മാസം മുതലുള്ള 17 ആക്ഷൻ പോയിന്റുകളിൽ നടപടി സ്വീകരിച്ച് തീർപ്പാക്കുവാൻ ബാക്കിയുണ്ട്.അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ മുഴുവൻ തീർപ്പാക്കിയിട്ടുണ്ട്.

## 1-11 വസ്തുനികുതി- അപാകതകൾ

A)ഭേദഗതി ഉത്തരവുകൾ പ്രകാരമുള്ള നിരക്ക് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല.

കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ട് സ.ഉ (അ)19/2011/തസ്വഭവ തീയതി 14-1-2011 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചില വിഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 36/2015/തസ്വഭവ തീയതി 24-2-2015, സ.ഉ(അ) നമ്പർ 53/2020/തസ്വഭവ തീയതി 08-09-2020 എന്നീ ഉത്തരവുകൾ പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് , മൈക്രോ, സ്മാൾ ആന്റ് മീഡിയം എന്റർ പ്രൈസസ് ഡവലപ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖ ചികിത്സാകേന്ദ്രങ്ങൾ, റസിഡൻഷ്യൽ ഹോം സ്റ്റേ എന്നീ വിഭാഗങ്ങളിൽ പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ നിരക്ക് എത്രയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനനുസരിച്ച് ഓരോ പഞ്ചായത്തും അതത് പഞ്ചായത്തുകൾക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതും സഞ്ചയയിൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. മേൽ ഭേദഗതി ഉത്തരവ് പ്രകാരം പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ പഞ്ചായത്തിന് ബാധകമാകുന്ന നികുതി നിരക്ക് നിശ്ചയിച്ച് ആയത് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

B)വസ്തു നികുതി ഈടാക്കാത്തത്

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പെട്രോൾ പമ്പുകളുടെ ( കെട്ടിട നമ്പർ XIV/15A, കെട്ടിട നമ്പർ III/42C, ) വസ്തു നികുതി ഈടാക്കിയതിൽ ഓഫീസ് കെട്ടിടത്തിന്റെ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും പെട്രോൾ പമ്പ് ഉൾപ്പെടുന്ന ഭാഗത്തിന് വസ്തു നികുതി ഈടാക്കിയിട്ടില്ല.ആയതിന്റെ കാരണം വിശദമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/30-06-2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ കെട്ടിടങ്ങളുടെ പെട്രോൾ പമ്പ് ഉൾപ്പെടുന്ന ഭാഗത്തിന് വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായോ ,തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകിയതായോ കാണുന്നില്ല.

| ക്രമ നം | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 67 | ആശിർവാദ് ഫില്ലിംഗ് സ്റ്റേഷൻ | III/221 | 4 |
| 2 | 131 | വസുന്ധരൻ സ്റ്റോൺ ക്വാറി | VIII/91A | 7 |
| 3 | 166 | നീതി മെഡിക്കൽ സ്റ്റോർ | II/814 | 2 |
| 4 | 294 | സോന ഗോൾഡ് | III/464 | 2 |

| | | | | |
|---|---|---|---|---|
| 5 | 317 | ഐ ടി വേൾഡ് സിസ്റ്റം സെയിൽസ് ആന്റ് സർവ്വീസസ് | II/579D | 3 |

മേൽ പട്ടികയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാത്തതിന്റെ കാരണവും മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ തൊഴിലുടമകളിൽ നിന്നും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ജീവനക്കാരുടെ വരുമാനത്തെയോ, ശമ്പളത്തെയോ കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുകയോ, ചട്ടം 17 പ്രകാരം നികുതി നിർണ്ണയിക്കുകയോ, ചട്ടം 18 പ്രകാരം ഡിമാൻറ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/28-06-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 മുറിച്ചുമാറ്റിയ മരങ്ങൾ ലേലം നടത്തുന്നതിലെ കാലതാമസം.

പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ കൊരങ്ങാട് മുത്തപ്പൻ ക്ഷേത്രത്തിനു സമീപം റോഡരികിലുള്ള അപകടമുണ്ടാക്കാനിടയുള്ളതിനാൽ മുറിച്ചുമാറ്റിയ രണ്ട് തേക്ക് മരങ്ങളും, ഗ്രാമ പഞ്ചായത്ത് കെട്ടിടത്തിന് ഭീഷണിയായ ഒരു കടുക്ക മരവും ഫോറസ്റ്റ് ഡിപ്പാർട്ട് മെന്റിൽ നിന്നും വാല്യേഷൻ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ലേലം നടത്തിയെങ്കിലും ആരും ലേലം കൊള്ളാത്തതിനാൽ പെരിങ്ങോം പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. പ്രസ്തുത മരങ്ങൾ വിണ്ടും ലേലം ചെയ്യുന്നതിന് 8-9-2020 ലെ 172/20 തീരുമാന പ്രകാരം ഭരണസമിതി തീരുമാനം എടുത്തിരുന്നു. എന്നാൽ ലേലം നടത്തിയതിന്റെ രേഖകൾ ഹാജരാക്കുന്നതിനും മേൽ പറഞ്ഞ മരങ്ങൾ പിന്നീട് ലേലം നടത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരങ്ങളും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ച വാലുവേഷൻ റിപ്പോർട്ടും ഹാജരാക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/28-06-2022)ഹാജരാക്കിയ മറുപടിയിൽ 22-9-20 ൽ മരങ്ങൾ ലേലം നടത്തിയെങ്കിലും ആരും തന്നെ ലേലത്തിൽ പങ്കെടുത്തിരുന്നില്ല എന്നും നിലവിൽ മരങ്ങൾ പെരിങ്ങോം പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ മരങ്ങൾ എത്രയും വേഗം ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതിലേക്ക് മേൽ വിഷയം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 1-14 ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിലെ കാലതാമസം.തനത് വരുമാനമിനത്തിൽ ലഭിക്കേണ്ട ലക്ഷക്കണക്കിന് രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നു.

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുവാനും നിർദ്ദേശിച്ചിരുന്നു.ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ടെണ്ടർ ഫീസ് ഇനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിച്ചിട്ടില്ല.ഇ-ടെണ്ടർ നടപടികൾ ആരംഭിച്ച വർഷം മുതലുള്ള തുകകൾ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമായ ടെണ്ടർ ഫീസ് ഇനത്തിലുള്ള ലക്ഷക്കണക്കിന് രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുകയാണ്.2014-15വർഷം മുതൽ 2020-21 വർഷം വരെ കരാറുകാർ ടെണ്ടർ ഫീ ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഒടുക്കിയ തുകയുടെ വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | തുക (ജി എസ് ടി ഉൾപ്പെടെ) |
|---|---|
| 2014-15 | 94605 |
| 2015-16 | 101850 |
| 2016-17 | 68090 |
| 2017-18 | 60480 |
| 2018-19 | 86464 |
| 2019-20 | 80549 |

| | |
|---|---|
| 2020-21 | 163321 |
| ആകെ | 655359 |

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,ചെറുപുഴ ശാഖയിൽ അസിസ്റ്റന്റ് എൻജിനീയറുടെ ഔദ്യോഗിക മേൽവിലാസത്തിൽ ടെണ്ടർ ഫോറം വില ലഭിക്കുന്നതിനായി ഒരു കറന്റ് അക്കൗണ്ട് (3978579680)ആരംഭിച്ചിട്ടുണ്ടെങ്കിലും അക്കൗണ്ടിൽ ടെണ്ടർ ഫീസ് ഇനത്തിൽ തുകയൊന്നും തന്നെ ഇതുവരെ ലഭിച്ചിട്ടില്ല. ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കുവാനുള്ള തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ലഭിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | S00116/21 |
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് കാര്യക്ഷമമാക്കൽ (ഫുളി ഓട്ടോ മാറ്റിക്എൽ.ഇ.ഡി ബൾബ്) |
| അടങ്കൽ | 219600 (213067-ധനകാര്യ കമ്മീഷൻ അവാർഡ് 6533-തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 190480 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നമ്പർ, തീയ്യതി തുക | 6/2-07-2020/190480 |

മേൽസൂചിപ്പിച്ച പദ്ധതിയുടെനിർവഹണത്തിന്റെ ഭാഗമായി കേരള റൂറൽ എംപ്ലോയ്മെന്റ് ആൻഡ് വെൽഫെയർ സൊസൈറ്റി (KREWS) നിന്നും 18 W LED സ്ട്രീറ്റ് ലൈറ്റ് 80 എണ്ണം വാങ്ങിയതിന് ഇൻസ്റ്റലേഷൻ ചാർജ് അടക്കം 1,90,480 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തെരുവ് വിളക്ക് എവിടെയൊക്കെ സ്ഥാപിച്ച എന്നതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമായി കാണുന്നില്ല. തെരുവ് വിളക്കിന്റെ സ്റ്റോക്ക് രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ നടത്തിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (ഓഡിറ്റ് എൻക്വയറി നം.26/29.06.2022) മറുപടിയോടൊപ്പം വാർഡ് മെമ്പർമാരുടെ സാക്ഷ്യ പത്രവും തെരുവ് വിളക്ക് സ്ഥാപിച്ചത് സംബന്ധിച്ച് പരിശോധന നടത്താൻ കെ.എസ്.ഇ.ബിക്ക് നൽകിയ കത്തിന്റെ പകർപ്പും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഏതൊക്കെ പോസ്റ്റുകളിലാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചത് എന്നത് സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്. വ്യക്തമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-16 ശുചിത്വ മിഷൻ ഫണ്ട് -ചെലവ് രേഖകൾ ലഭ്യമല്ല. 1,60000 രൂപ തടസ്സപ്പെടുത്തുന്നു.

പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ശുചിത്വ മിഷൻ ഫണ്ട് ഇനത്തിൽ 10000 രൂപ വീതം 16 വാർഡുകൾക്ക് കൈമാറിയിട്ടുണ്ട്. (വൗച്ചർ നമ്പർ-22000252/29-06-2020/1,60000) പ്രസ്തുത തുക വാർഡ് തല ശുചിത്വ സമിതികൾ ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹1,60000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 കുടിവെള്ള വിതരണം- ജല അതോറിറ്റിയിൽ നിന്നുള്ള സാക്ഷ്യ പത്രം ലഭ്യമല്ല - 737475 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | S00206/21 |
| പ്രോജക്ടിന്റെ പേര് | കുടിവെള്ള വിതരണ ചെലവ് 2019-20 |
| അടങ്കൽ | 737475 ( തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 737475 ( തനത് ഫണ്ട്) |
| വൗച്ചർ നമ്പർ,തീയ്യതി തുക | 22000124/15-05-2020/737475 |

പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്തിലെ വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിന്

ടെണ്ടർ നടപടികൾ പാലിച്ച് ശ്രീ, സന്തോഷ് പി. എന്നവരെ ചുമതലപ്പെടുത്തിയിരുന്നു. കിലോ മീറ്ററിന് 75 രൂപ നിരക്കിൽ 9833 കിലോ മീറ്റർ വാഹനം ഓടിയതിന് 7,37,475 രൂപ അനുവദിച്ചു. 7,65,000 ലിറ്റർ കുടി വെള്ളം വിതരണം ചെയ്തതായി ഫയലിൽ കാണുന്നുണ്ട്. കരാറുകാരനുമായുള്ള ഉടമ്പടി പ്രകാരം കേരള ജല അതോറിറ്റിയിൽ നിന്നും വെള്ളം സംഭരിച്ച് വിതരണം ചെയ്യുകയാണ് വേണ്ടത്. ട്രിപ്പ് ഷീറ്റ് സൂക്ഷിച്ചിട്ടുണ്ടെങ്കിലും ജല അതോറിറ്റിയിൽനിന്നും വെള്ളം ശേഖരിച്ചത് സംബന്ധിച്ച് കെ.ഡബ്യൂ.എ. അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. സാക്ഷ്യപത്രത്തിനായി ജല അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ് പഞ്ചായത്ത് മറുപടി നൽകിയത് (ഓഡിറ്റ് എൻക്വയറി നമ്പർ 27/29.06.2022). വാട്ടർ അതോറിറ്റിയിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 7,37,475 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 വാഹന ഉപയോഗം- അപാകങ്ങൾ.

പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഒരു വാഹനമാണ് ഉള്ളത് ( KL 59T 9603 നമ്പർ ബൊലേറോ ജീപ്പ്) പഞ്ചായത്തിലെ വാഹന ഉപയോഗവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

30-06-2007ലെ സ.ഉ (എം.എസ്.) 170/07 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി നിർബന്ധമായും സൂക്ഷിക്കേണ്ടതായ താഴെ ചേർക്കും പ്രകാരമുള്ള രജിസ്റ്ററുകൾ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

(I) റിപ്പയർ രജിസ്റ്റർ

(Ii) സ്റ്റോക്ക് രജിസ്റ്റർ

മേൽ പരാമർശിച്ച ഉത്തരവിന്റെ ഖണ്ഡിക 4 അനുസരിച്ച് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ വാഹനവുമായി ബന്ധപ്പെട്ട് ചെലവായ തുകയെ സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് ഒരു റിപ്പോർട്ട് സമർപ്പിച്ചിരിക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടിൽ കഴിഞ്ഞ അർദ്ധ വർഷത്തിൽ വാഹനം ഓടിയ ദൂരം കിലോ മീറ്ററിൽ കാണിച്ചിരിക്കേണ്ടതുമാണ്. എന്നാൽ പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്തിൽ ഈ നിർദ്ദേശവും പാലിച്ചതായി കാണുന്നില്ല.

ഉത്തരവിന്റെ ഖണ്ഡിക 16ൽ നിർദ്ദേശിച്ച പ്രകാരം കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ സാന്നിധ്യത്തിൽ ഫുൾ ടാങ്കിൽ ഇന്ധനം നിറച്ചതിന് ശേഷം ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ വ്യവസ്ഥയും പാലിക്കപ്പെട്ടതായി കാണുന്നില്ല.

31-03-2006ലെ സ.ഉ. (പി) നമ്പർ161/2006/ ഫിൻ നമ്പർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരമുള്ള വെഹിക്കിൾ ഹിസ്റ്ററി ബുക്കും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

1989ലെ സെൻട്രൽ മോട്ടോർ വെഹിക്കിൾസ് ചട്ടങ്ങളിലെ ചട്ടം 115(7) അനുസരിച്ച് ഓരോ മോട്ടോർ വാഹനത്തിനും ആറു മാസത്തിലൊരിക്കൽ സംസ്ഥാന സർക്കാർ അധികാരപ്പെടുത്തിയ ഏജൻസിയിൽ നിന്ന് പൊലൂഷൻ അണ്ടർ കൺട്രോൾ സർട്ടിഫിക്കറ്റ് നേടിയിരിക്കേണ്ടതും പ്രസ്തുത സാക്ഷ്യ പത്രം വാഹനത്തിൽ സൂക്ഷിച്ചിരിക്കേണ്ടതും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.എന്നാൽ 2020-21 വർഷത്തിൽ പഞ്ചായത്ത് വാഹനത്തിന് ഇപ്രകാരം പരിശോധന നടത്തി സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.29-06-2022നാണ് പരിശോധന നടത്തി സാക്ഷ്യ പത്രം ലഭിച്ചിട്ടുള്ളത്.

അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (എൻക്വയറി നമ്പർ-23/29-06-2022) പഞ്ചായത്ത് അറിയിച്ചത്.

## 1-19 ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാല താമസം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് ഓരോ അർദ്ധ വർഷവും അവസാനിച്ച് 30 ദിവസത്തിനകം ലൈബ്രറി കൗൺസിലിൽ ഒടുക്കണമെന്ന നിർദ്ദേശം (സർക്കുലർ നമ്പർ 17263/എൽ.3/ത.സ്വ.ഭ.വ /29-12-2000) ഗ്രാമ പഞ്ചായത്ത് പാലിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| അർദ്ധ വർഷം | വൗച്ചർ നമ്പർ തീയ്യതി, തുക | രസീത് നമ്പർ ,തീയ്യതി |
|---|---|---|
| 2019-20 രണ്ടാം അർദ്ധ വർഷം | 22000315/10-07-2020/തുക 155959 | 31502/22-07-2020കേരള ഗ്രന്ഥശാലാ സംഘം, തിരുവനന്തപുരം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-22/29-6-22) കോവിഡ് വ്യാപനത്തെ തുടർന്നുള്ള ഓഫീസ് ക്രമീകരണം മൂലം എല്ലാ ജീവനക്കാരും എല്ലാ ദിവസങ്ങളിലും ഹാജരാകാത്തതു കൊണ്ടാണ് കാലതാമസം ഉണ്ടായതെന്നാണ് മറുപടി നൽകിയത്. ലൈബ്രറി സെസ് യഥാസമയം ഒടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2020-21 വർഷം പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക | ബിൽ നമ്പർ, തീയ്യതി | തുക കൈപ്പറ്റിയ സ്ഥാപനം/ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| 1 | S0002/21 | ഐ.കെ.എം. വിഹിതം | ₹85000 വികസന ഫണ്ട് സാധാരണ വിഹിതം | 85000 | 13/28-06-20 /85000 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 സർവ്വീസ് പെൻഷൻ /ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തിരിച്ചടക്കേണ്ടതാണ്.

പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ /ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 6.3.2021 ലെ PAN/2566/2020 DBT1(DP) നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിൽ അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം 4 ഗുണഭോക്താക്കളാണ് അനർഹമായി തുക കൈപ്പറ്റിയിട്ടുള്ളത്. (കാർത്ത്യായനി - ₹46100, ഭാസ്കരൻ - ₹52700, അശോകൻ - ₹34500, പ്രസന്നകുമാരി - ₹34200) 4 ഗുണഭോക്താക്കൾക്കും രേഖാമൂലം അറിയിപ്പ് നൽകിയിയിട്ടുണ്ടെങ്കിലും നാളിതുവരെ തുക അടവാക്കിയിട്ടില്ല. മേൽ പറഞ്ഞവരിൽ നിന്നും എത്രയും വേഗം തുക തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് (നമ്പർ 00110101023000269) ഒടുക്കേണ്ടതുമാണ്. ഇത് സംബന്ധിച്ചുള്ള തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-22 അങ്കണവാടികൾക്ക് കുടിവെള്ളം-മോട്ടോർ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനാൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല, വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2020-21 വാർഷികപദ്ധതിയിലുൾപ്പെടുത്തി അങ്കണവാടികൾക്ക് കുടിവെള്ള പദ്ധതി എന്ന പ്രോജക്ടിൽ കൂടം (64000/-രൂപ),കാഞ്ഞിരപ്പൊയിൽ (68000/-രൂപ), തട്ടുമ്മൽ (64000/-രൂപ), ഉമ്മറപ്പൊയിൽ (70000/-രൂപ) എന്നീ അങ്കണവാടികളിൽ കുഴൽക്കിണർ കുഴിക്കുന്നതിനായി ആകെ 2,66,000/-രൂപ ജില്ലാ ഓഫീസർ, ഭൂജലവകുപ്പ്, കണ്ണൂരിന് (ഡെപ്പോസിറ്റ് പ്രവൃത്തിയായി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന്) നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ | 75/21 |
| പ്രൊജക്ടിന്റെ പേര് | അങ്കണവാടികൾക്ക് കുടിവെള്ളം |
| അടങ്കൽ | മെയിനന്റൻസ് ഫണ്ട് (റോഡിതരം), 807000രൂപ |

| | |
|---|---|
| ചെലവ് തുക | ₹2,66,000 |
| വൗച്ചർ നമ്പർ-തീയതി | 65/2020-21 തീയതി 18-03-2021 |

കുഴൽക്കിണർ കുഴിച്ചുവെങ്കിലും മോട്ടോർ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനാൽ ഇതുവരെയായും പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിനിയോഗവിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.അങ്കണവാടികളിൽ കുഴൽക്കിണർ കുഴിച്ച് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ടെന്നും 2022-23സാമ്പത്തികവർഷത്തിൽ മോട്ടോർ അനുബന്ധ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് രൂപീകരിച്ച് തുക വകയിരുത്തിയിട്ടുണ്ടെന്നും ഡി പി സി അംഗീകാരം ലഭിക്കുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-14/2020-21തീയതി 28-06-2022) അസിസ്റ്റന്റ് എൻജിനീയർ മറുപടി നൽകിയിട്ടുണ്ട്.

മോട്ടോർ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തി പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ട നടപടികൾ ത്വരിതപ്പെടുത്തേണ്ടതും വിനിയോഗവിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-23 ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ വാങ്ങൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്ട് നം. & പേര് | 102/2021, ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ |
| അടങ്കൽ | ₹250000 (വികസന ഫണ്ട്) |
| ചെലവ് | ₹41400 |
| ബിൽ നം. & തീയതി | 21/31.3.2021 |

ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിലേക്കായി ₹41400 സോഷ്യൽ സെക്യൂരിറ്റി മിഷന്റെ അക്കൌണ്ടിലേക്ക് (A/c No. 70101140000134) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.17/29.6.2022 ന് പ്രസ്തുത സാക്ഷ്യപത്രം ലഭ്യമാക്കാൻ സോഷ്യൽ സെക്യൂരിറ്റി മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭിച്ചാൽ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹമായതിലും അധികം തുക അനുവദിച്ചു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്ട് നം. & പേര് | 13/2021,ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ,ബത്ത നൽകൽ |
| അടങ്കൽ | ₹750000 (വികസന ഫണ്ട്)<br>₹350000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹400000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>₹1500000 |
| ചെലവ് | ₹748200<br>₹350000 |

| | |
|---|---|
| | ₹400000<br>₹1498200 |
| ബിൽ നം. & തീയതി | 14/2020-21/30.9.2020 - ₹231600<br>17/2020-21/29.1.2021 - ₹350000<br>18/2020-21/26.2.2021 - ₹400000<br>20/2020-21/30.3.2021 - ₹516600 |

സ ഉ (കൈ)നം.22/2018/ തസ്വഭവ തീയതി 14.2.2018 ഖണ്ഡിക 7.1.6 (ബി) പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം സ്കോളർഷിപ്പ്, ബത്ത ഇനത്തിൽ അനുവദിക്കാവുന്ന പരമാവധി തുക ₹28,500 (സ്കോളർഷിപ്പ് (പ്രതിമാസം)- ₹1000, വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം)- ₹1500, പഠന സാമഗ്രികൾ (വാർഷികം) - ₹2000, ഡേ സ്കോളർക്ക് യാത്രാ ബത്ത (പ്രതിമാസം) - ₹1000 , ഉല്ലാസ യാത്രാചെലവുകൾ - ₹1000) ആണ്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് നിർദ്ദിഷ്ട നിരക്കിലും അധികം തുക നൽകിയിട്ടുണ്ട്. കാണുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | അനുവദിച്ച തുക ₹ | അനുവദിക്കേണ്ട തുക ₹ | അധികം അനുവദിച്ചത് | അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|
| 1 | അഭിജിത്ത് റോയ് S/oറോയ് ജോസഫ് | 46000 | 28500 | 17500 | 67250043268 |
| 2 | മുഹമ്മദ് എ S/oഷഫീക്ക് സി എച്ച് | 30900 | 28500 | 2400 | 40462101056538 |
| | അധികം നൽകിയത് | | | ₹19900 | |

സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.18/29.6.2022 ന് മേൽ വിദ്യാർത്ഥികൾക്ക് അധികം തുക നൽകിയിട്ടുണ്ടെന്നും ആയത് തിരിച്ചടക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും തിരിച്ചടക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കാം എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

അധികം നൽകിയ തുക ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 അങ്കണവാടി പോഷകാഹാരം- ന്യൂട്രിമിക്സ് തുകയിൽ നിന്നും ജി എസ് ടി – ടി ഡിഎസ് കുറവ് ചെയ്തിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നം. & പേര് | 12/2020-21, |
| അടങ്കൽ<br>&<br>ചെലവ് | ₹2619630 (വികസന ഫണ്ട്)<br>₹240000 (ബ്ലോക്ക് പഞ്ചായത്ത് )<br>₹1000000 (ജില്ലാ പഞ്ചായത്ത്)<br>₹3859630 |
| ബിൽ നം. & തീയതി<br>ചെക്ക് നം. & തീയതി | 8/20-21/30.6.2020 -₹530356<br>9/20-21/9.7.2020 - ₹88238<br>10/20-21/23.7.2020 - ₹483014<br>11/20-21/13.8.2020 - ₹396932<br>12/20-21/27.8.2020 - ₹180837<br>13/20-21/9.9.2020 - ₹52119 |

| | |
|---|---|
| | 15/20-21/11.11.2020 - ₹783874<br>16/20-21/26.12.2020 - ₹104260<br>19/20-21/18.3.2021 - ₹240000<br>747446/22.1.2021 - ₹966131<br>748541/31.3.2021 - ₹33869 |

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ 40അങ്കണവാടികൾക്കായി കൈരളി ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും വാങ്ങിയ അമൃതം ന്യൂട്രിമിക്സിന്റെ തുകയിൽ നിന്നും ടിഡിഎസ് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം. & തീയതി | തുക (ജി എസ് ടി ഒഴികെയുള്ള തുക) (₹) | ബിൽ നം., ചെക്ക് നം. & തീയതി |
|---|---|---|---|
| 1 | 43/5.4.2020 | 161122 | 8/20-21 |
| 2 | 44/4.5.2020 | 173643 | |
| 3 | 48/29.5.2020 | 170336 | |
| 4 | 51/9.7.2020 | 168682 | 11/2020-21 |
| 5 | 55/2020-21 | 172226 | 12/2020-21 |
| 6 | 58/2.9.2020 | 170572 | 15/2020-21 |
| 7 | 60/2020-21 | 104260 | 16/2020-21 |
| 8 | 63/2020-21 | 175298 | Ch.no 747446/22.1.2021 |
| 9 | 67/8.12.2020 | 171745 | |
| 10 | 70/2020-21 | 168384 | 16/2020-21 |
| 11 | 73/17.10.2020 | 71616 | 19/2020-21 |
| | ആകെ | ₹17,07,884 | |

മേൽ തുകയിൽ നിന്നും ടിഡി എസ് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി. നം. 7/28.06.2022 ന് അറിവില്ലായ്മകൊണ്ടാണ് ടിഡി എസ് ഈടാക്കാത്തതെന്നും അടുത്ത ബില്ലുകളിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നുമുള്ള മറുപടിയാണ് ഹാജരാക്കിയത്. സർക്കാർ നിർദ്ദേശാനുസരണം സ്രോതസ്സിൽ നിന്നും നിയമാനുസൃത നികുതികൾ ഈടാക്കിയശേഷം സ്ഥാപനങ്ങൾക്ക് തുക നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 അങ്കണവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്തിൽ ആകെ 40 അങ്കണവാടികളാണുള്ളത്. അവയുടെ ഭൌതിക സാഹചര്യം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഭൗതിക സാഹചര്യം | അങ്കണവാടികളുടെ എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികളുടെ എണ്ണം | 40 |
| 2 | സ്വന്തം കെട്ടിടം ഇല്ലാത്തവ | 1 |

| | | |
|---|---|---|
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 1 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 4 (ഭാഗികം) |
| 5 | വൈദ്യുതി കണക്ഷൻ ഇല്ലാത്തവ | 0 |
| 6 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 1 |
| 7 | കുഴൽകിണർ കുഴിച്ചെങ്കിലും മോട്ടോർ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കാത്തത് | 4 |
| 8 | ടോയ് ലെറ്റ് സൗകര്യം ഇല്ലാത്തവ | 0 |
| 9 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തവ | 0 |

തദ്ദേശ സ്വയം ഭരണ (ഡിസി) വകുപ്പിന്റെ 3.9.2010 ലെ 39033/DC2/10/ തസ്വഭവ നം. സർക്കുലർ പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാകുന്ന കേന്ദ്ര ധനസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലം ഇല്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും , അങ്കണവാടികൾക്ക് കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്ന പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 4 അങ്കണവാടികളിൽ കുഴൽകിണർ കുഴിച്ചിട്ടുണ്ടെങ്കിലും മോട്ടോർ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ചുറ്റുമതിൽ ഇല്ലാത്ത അങ്കണവാടികൾക്ക് ചുറ്റുമതിൽ നിർമ്മിക്കാനും മോട്ടോർ സ്ഥാപിച്ച് കുഴൽകിണർ പ്രവർത്തനക്ഷമമാക്കാനുമുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 ലൈഫ് ഭവന പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത്

പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ആനുകൂല്യം കൈപ്പറ്റിയ താഴെ ചേർക്കും പ്രകാരമുള്ള ഗുണ ഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാതെ അവശേഷിക്കുന്നു.

| ക്രമ നമ്പർ | ഗുണ ഭോക്താവിന്റെ പേര് | വിഭാഗം | ഫേസ് | ആകെ കൈപ്പറ്റിയ തുക | അവസാനമായിട്ടു തുക കൈപ്പറ്റിയ തീയ്യതി |
|---|---|---|---|---|---|
| 1 | യശോദ കെ.കെ | പട്ടിക വർഗം | III | 2.25 ലക്ഷം (സ്ഥലം വാങ്ങുന്നതിന്) | 14-09-2020 |
| 2 | സിന്ധു എ.വി | ജനറൽ | II | 40,000 | 4-10-2018 |
| 3 | ബിന്ദു കെ | ടി | II | 3,60,000 | 3-102019 |

യശോദ കെ.കെ.യുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. സിന്ധു എ.വി., ബിന്ദു കെ. എന്നിവർ പട്ടയം ലഭിക്കാത്ത ഭൂമിയിൽ താമസിക്കുന്നവരാണെന്നും ഇതേ സംബന്ധിച്ചുള്ള പരാതിയിൽ തീർപ്പാകാത്തതു മൂലമാണ് ഭവന നിർമ്മാണത്തിന്റെ പൂർത്തീകരണം വൈകുന്നതെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. ഇത് സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 4/27.06.2022).

## 1-28 തരിശുഭൂമി കൃഷിയോഗ്യമാക്കൽ - പച്ചക്കറി കൃഷി - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ - തടസ്സം ₹37,700

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം. & പേര് | 187/2021, തരിശുഭൂമി കൃഷിയോഗ്യമാക്കൽ - പച്ചക്കറി കൃഷി |

| | |
|---|---|
| അടങ്കൽ | ₹37000 (വികസന ഫണ്ട്)<br>₹37000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹74000 |
| ചെലവ് | ₹74000 |
| ബിൽ നം. & തീയതി | 21/2020-21/27.11.2020 - ₹37000<br>30/2020-21/21.01.2021 - ₹37000 |

പച്ചക്കറികൃഷി പ്രോൽസാഹിപ്പിക്കുന്നതിനും പഞ്ചായത്തിനെ തരിശുരഹിതമാക്കുന്നതിനും കർഷകർക്ക് സബ്സിഡി നൽകുന്നതാണ് പ്രോജക്ട്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സ.ഉ (കൈ)നം.22/2018/തസ്വഭവ തീ 14.2.2018 ഖ.6.1.27പ്രകാരം നിർദ്ദിഷ്ട പ്രദേശം കൃഷിയോഗ്യമായ തരിശ് ആയിരുന്നെന്നും പച്ചക്കറി കൃഷിക്ക് അനുയോജ്യമാണെന്നും കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരമുള്ള സാക്ഷ്യപ്പെടുത്തൽ കൃഷി ഓഫീസർ ചെയ്തിട്ടില്ല.

2. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ധനസഹായം അനുവദിച്ചു

മേഴ്സി ജോസഫ് മറ്റത്തിനാനിക്കൽ , ജിജോ വി കെ എന്നിവർ മേൽ പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവരാണ്. ടിയാളുകൾക്ക് യഥാക്രമം ₹7400, ₹33300 അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 33/30.06.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് നൽകിയ ₹37,700 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-29 കരനെൽ കൃഷി - ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തയാൾക്ക് സബ്സിഡി അനുവദിച്ചു. - ₹1632 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |
| പ്രോജക്ട് നം. & പേര് | 189/2021, കരനെൽ കൃഷി |
| അടങ്കൽ | ₹20400 (വികസന ഫണ്ട്)<br>₹20400 (ബ്ലോക്ക് പഞ്ചായത്ത്)<br>₹40800 |
| ചെലവ് | ₹40800 |
| ബിൽ നം. & തീയതി | 16/2020-21/30.09.2020 -₹20400<br>17/2020-21/23.10.2020 - ₹20400 |

പഞ്ചായത്തിനെ തരിശുരഹിതമാക്കുക, നെൽകൃഷി പ്രോൽസാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കരനെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 13600 രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുന്നു. ടി പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ 19 പേരുണ്ട്. 15 പേർക്കാണ് ആനുകൂല്യം നൽകിയത് . ഇതിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത രാജേന്ദ്രൻ എം എന്നയാൾക്ക് ₹1632 സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.33/29.6.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച ₹1632 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-30 അസിസ്റ്റന്റ് സെക്രട്ടറിയുടെ പദ്ധതി നിർവഹണം -അപാകങ്ങൾ.274468 രൂപ തടസ്സപ്പെടുത്തുന്നു.

2020-21 വർഷത്തിൽ പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ നിർവ്വഹണത്തിൽ താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങളുണ്ട്.

(I)പട്ടിക വർഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ -29708 രൂപ തടസപ്പെടുത്തുന്നു .

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ | S00175/21 സ്പിൽ ഓവർ |

| | |
|---|---|
| | |
| അടങ്കൽ | 29708 വികസന ഫണ്ട് ടി.എസ്.പി. |
| ചെലവഴിച്ച തുക | ₹29708 |
| ബിൽ നമ്പർ,തീയ്യതി തുക | 4/29-05-20/₹29708 |

മേൽസൂചിപ്പിച്ച പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി ടെണ്ടർ ക്ഷണിച്ച് ഫിഡ്കോ എന്റർ പ്രൈസസിൽ നിന്നും ഫർണിച്ചർ (സ്റ്റീൽ ടേബിൾ , കസേര) വാങ്ങി താഴെ ചേർക്കുന്ന ഗുണ ഭോക്താക്കൾക്ക് വിതരണം ചെയ്യുകയുണ്ടായി.

| | |
|---|---|
| 1 | ആവണി പി.വി |
| 2 | കാർത്തിക് കെ.കെ |
| 3 | പാർവ്വണ മധുസൂദനൻ |
| 4 | അഞ്ജലി ഇ.വി. |
| 5 | ജിതിൻ പി.കെ |
| 6 | അഭിലാഷ് മനോജ് |
| 7 | ശിവദ ടി |

മേൽ സൂചിപ്പിച്ച ഗുണ ഭോക്താക്കൾക്ക് പട്ടിക വർഗ വികസന വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്നത് സംബന്ധിച്ചുള്ള സാക്ഷ്യ പത്രം ഫയലിൽ ലഭ്യല്ല. കൂടാതെ അഭിലാഷ് മനോജ് എന്ന കുട്ടിയുടെ യോഗ്യത തെളിയിക്കുന്ന സാക്ഷ്യ പത്രങ്ങളും ഫയലിൽ ലഭ്യമല്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 29708 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 28/29.06.2022)

(Ii)പട്ടിക ജാതി വനിതകൾക്ക് വിവാഹ ധനസഹായം . 75000 രൂപ തടസപ്പെടുത്തുന്നു .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ | S00118/21 സ്പിൽ ഓവർ |
| അടങ്കൽ | 225000 വികസന ഫണ്ട് എസ്.സി.പി |
| ചെലവഴിച്ച തുക | 225000 |
| ബിൽ നമ്പർ,തീയ്യതി തുക | 3/11-05-2020/75000 |

മേൽസൂചിപ്പിച്ച പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി മകളായ അനു ദർശന എന്നവരുടെ വിവാഹ ധന സഹായം ഇനത്തിൽ മാധവൻ കെ എന്നയാൾക്ക് 75000രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗുണ ഭോക്താവിന് പട്ടിക ജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിച്ചില്ല എന്നത് സംബന്ധിച്ചുള്ള സാക്ഷ്യ പത്രം ഫയലിൽ ലഭ്യമല്ല. സാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ 75000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 30/29.06.2022)

(Iii) പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ . 169760 രൂപ തടസ്സപ്പെടുത്തുന്നു .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ | S00124/21 സ്പിൽ ഓവർ |
| അടങ്കൽ | 169760 വികസന ഫണ്ട് ടി.എസ്.പി. |
| ചെലവഴിച്ച തുക | 169760 |
| ബിൽ നമ്പർ,തീയ്യതി തുക | 2/11-05-20/169760 |

മേൽസൂചിപ്പിച്ച പദ്ധതിയുടെ നിർവഹണത്തിന്റെ ഭാഗമായി ടെണ്ടർ ക്ഷണിച്ച് ഫിഡ്കോ എന്റർ പ്രൈസസിൽ നിന്നും ഫർണിച്ചർ (സ്റ്റീൽ ടേബിൾ, കസേര) എന്നിവ വാങ്ങിച്ചതിന് 169760 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗുണ ഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ഫയലിനോടൊപ്പം ലഭ്യമല്ല. ഗുണ ഭോക്താക്കളുടെ യോഗ്യതാ സാക്ഷ്യ പത്രങ്ങൾ കൈപ്പറ്റ് രേഖകൾ, വകുപ്പിൽ നിന്നും ആനു കൂല്യം ലഭിച്ചിട്ടില്ല എന്നത് സംബന്ധിച്ചുള്ള സാക്ഷ്യ പത്രം എന്നിവയും ഫയലിൽ ലഭ്യമല്ല. രേഖകളുടെ അഭാവത്തിൽ ചെലവ് രേഖയായ 169760 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 29/29.06.2022)

ഓഡിറ്റ് എൻക്വയറികൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല

## 1-31 സാന്ത്വന പരിചരണം - മരുന്നുകൾ മുഴുവൻ ലഭിച്ചിട്ടില്ല

സാന്ത്വന പരിചരണവുമായി ബന്ധപ്പെട്ട മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് (A/c N0.362400180000001) ₹47650 (ബിൽ നം.8/2020-21 /30.3.2022) ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ Inv.No.8941/15.11.2020 പ്രകാരം ₹ 15652 ടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ₹31998 മരുന്നുകൾ കിട്ടാൻ ബാക്കിയിട്ടുണ്ട്. ആയത് ലഭിച്ചിട്ടുണ്ടെങ്കിൽ സ്റ്റോക്ക് രജിസ്റ്റർ, ബിൽ സഹിതം പരിശോധനയ്ക്ക് ലഭ്യമാണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.31/29.6.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ബില്ലുകൾ, സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 27.06.22 &28.06.22 | നം.കെ.എസ്.എ./കെ.എൻ.ആർ./സി.1-969 /2022/തീയതി- 23-07-2022 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | ആകെ | പ്രൊജക്ടിന്റെ പേര്/നമ്പര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പയ്യന്നൂർ. | 0 | 20400 | 20400 | 189/21, കരനെൽ കൃഷി | 20400 | 0 |
| | 0 | 37000 | 37000 | 187/21, തരിശുഭൂമി കൃഷിയോഗ്യമാക്കൽ -പച്ചക്കറികൃഷി | 37000 | 0 |
| | 0 | 60000 | 60000 | 190/21, തരിശുഭൂമി | 60000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | കൃഷിയോഗ്യമാക്കൽ-നെൽകൃഷി | | |
| | 0 | 388680 | 388680 | 193/21 പാലിന് സബ്സിഡി | 388680 | 0 |
| | 0 | 260000 | 260000 | 152/21,ലൈഫ് ഭവനപദ്ധതി പട്ടികജാതി (SO) | 260000 | 0 |
| | 0 | 810000 | 810000 | 153/21,ലൈഫ് ഭവനപദ്ധതി പട്ടികവർഗ്ഗം (SO) | 810000 | 0 |
| | 0 | 350000 | 350000 | 13/21, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികള്ക്ക് സ്കോളർഷിപ്പ് | 350000 | 0 |
| | 0 | 292400 | 292400 | 173/21, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 292400 | 0 |
| | 690000 | 0 | 690000 | | | 690000 |
| ആകെ | 690000 | 2218480 | 2908480 | | 2218480 | 690000 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 150000 | 150000 | 191/21, കാർഷിക സ്വയംപര്യാപ്ത ഗ്രാമം-കിഴങ്ങുവർഗ്ഗ വിളകൾ | 150000 | 0 |
| | 0 | 500000 | 500000 | 193/21, പാലിന് സബ്സിഡി | 500000 | 0 |
| | 0 | 32093 | 32093 | 188/21, വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യക്കൃഷി | 32093 | 0 |
| | 0 | 820000 | 820000 | 108/21, ലൈഫ് ഭവനനിർമ്മാണം-പട്ടികവർഗ്ഗം | 820000 | 0 |
| | 0 | 845000 | 845000 | 153/21,ലൈഫ് ഭവനപദ്ധതി പട്ടികവർഗ്ഗം (SO) | 845000 | 0 |
| | 0 | 400000 | 400000 | 13/21, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികള്ക്ക് സ്കോളർഷിപ്പ് | 400000 | 0 |
| | 0 | 320000 | 320000 | 58/21, ലൈഫ് ഭവനനിർമ്മാണം | 320000 | 0 |
| ആകെ | 0 | 3067093 | 3067093 | | 3067093 | 0 |

കുറിപ്പ് : സംയുക്ത പദ്ധതികൾക്കായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച ഫണ്ടിനത്തിൽ ബാലൻസ് ഷീറ്റ് ബി-4ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ (സംയുക്ത പദ്ധതികൾക്കായുള്ളത്) രേഖപ്പെടുത്തി സമ്പൂർണ്ണമാക്കിയിട്ടില്ല. ലഭ്യമായ വിവരങ്ങളുടെ

അടിസ്ഥാനത്തിലാണ് മേൽ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. സംയുക്ത പദ്ധതികൾക്കായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച ഫണ്ടിൽ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലെ ബാലൻസ് ഷീറ്റ് ബി-4ഷെഡ്യൂൾ പ്രകാരം 6,90,000രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച വിനിയോഗിക്കാതെയുള്ള വിഹിതം ചെലവഴിക്കാത്ത പക്ഷം അതാത് ഹെഡുകളിൽ തിരിച്ചടക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ഭൂജലവകുപ്പ്, കണ്ണൂർ | അങ്കണവാടികൾക്ക് കുടിവെള്ളം (പ്രോജക്റ്റ് നമ്പർ-75/21) | 65/2020-21 തീയതി 18-03-2021 | 266000 | വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല | വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻവർഷങ്ങളിൽ എടുത്ത വായ്പയുടേയും തൻവർഷം തിരിച്ചടച്ച തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്, ഉദ്ദേശ്യം, ഉത്തരവ് നമ്പർ | സർക്കാർ ഉത്തരവ് നം. തീയതി | സർക്കാർ അനുമതി ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ വായ്പ തുക | ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പ | ഓഡിറ്റ് വർഷം ഒടുക്കിയ പലിശ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പ തുക |
|---|---|---|---|---|---|---|---|---|
| ഹഡ്കോ ലോൺ, ലൈഫ് ഭവന നിർമ്മാണ പദ്ധതി | സ.ഉ (എം.എസ്) 68/1913 തസ്വഭവ 2018 തീയതി 13-08-2018 | 26945000 | 25503823* | 0 | 25503823 | 1756156 | 0 | 23747667* |

* കുറിപ്പ് – ലോൺ രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. 2019-20 സാമ്പത്തിക വർഷങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത ₹683823/- ധനകാര്യ പത്രികയിൽ ഉൾപ്പെടാതിരുന്നതിനാലാണ് വ്യത്യാസം സംഭവിച്ചിട്ടുള്ളത്.

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിന് താഴെ പറയും പ്രകാരം 2195000 രൂപയുടെ സ്ഥിര നിക്ഷേപം /ഷെയറുകൾ നിലവിലുണ്ട്.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന ഷെയറുകൾ | 2030000 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ ചേർത്ത് പുതുക്കിയത്) | 165000 |
| ആകെ | 2195000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം / ഷെയറുകൾ | 2195000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം /ഷെയറുകളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | നിക്ഷേപത്തിന്റെ വിവരം | തുക | കാലാവധി തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്പ് മെന്റ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ സർട്ടിഫിക്കറ്റ് നമ്പർ 4430 മെമ്പർ നമ്പർ-119തീയതി 08-05-2015 | 20000 | - | ഷെയർ |
| 2 | കണ്ണൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റിയുടെ ഡി ക്ലാസ് ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 49,മെമ്പർ നമ്പർ 35 ഡി തീയതി 06-08-2015 | 10000 | - | ഷെയർ |
| 3 | പെരിങ്ങോം സർവീസ് സഹകരണബാങ്ക് സ്ഥിരനിക്ഷേപം നമ്പർ-001001011687/sl.no.7057 /തീയതി 20-05-2020 ( W.e.f 26-04-2020) | 2165000 | 26-04-2021 | പലിശ നിരക്ക്-7.75% 28-06-2021ന് (W.e.f 26-04-2021) 2332788/-രൂപയായി പുതുക്കി.കാലാവധി തീയതി 24-06-2023 (24 Months),പലിശനിരക്ക്-6.50% |
| | ആകെ | 2195000 | | |

വാർഷിക ധനകാര്യ പത്രികയിൽ (ബി-12 ഷെഡ്യൂൾ) 218125/- രൂപയാണ് ചേർത്തിട്ടുള്ളത്. (ഖ. 1-2-1 ക്രമ നം.7 കൂടി കാണുക)

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2020-21 വർഷത്തിൽ ലഭിച്ച തുകയുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | തുക ഒടുക്കിയ ആളുടെ പേര് /ഉദ്യോഗപ്പേര് | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|---|
| 1 | 2018-19 | Para 1-28 | 16836 | വിദ്യ വി, അക്രഡിറ്റഡ് എഞ്ചിനീയർ, MGNREGS | 1200100871/19.11.2020 |
| | ആകെ | | 16836 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 2-6 | 2007-08 | 3-1 | നിക്ഷേപപ്രവൃത്തികൾ നടപടികൾ പാലിക്കാതെ നടപ്പിലാക്കിയത്. | 2888/പ്രോഡക്ട്സ് /അനർട്ട്/2012 തീയതി 29-08-2016 പ്രകാരം തുക തിരിച്ചടച്ചിച്ചുണ്ട്.പരാമർശം തീർപ്പാക്കിയതായി വിവരം ലഭ്യമായിട്ടില്ല. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 86967284 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 88607174 |
| വരവിനങ്ങളിലുള്ള നഷ്ടം | : | * |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | * |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1211275 |

* 4-10 (എഫ് ) ൽ തിരിച്ചടച്ച തുകയുടെ വിവരങ്ങൾ ചേർത്തിട്ടുണ്ട്.

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 160000 | ശ്രീമതി മഞ്ജുഷ.പി.വി.കെ,സെക്രട്ടറി. |
| 1-17 | 737475 | ശ്രീമതി മഞ്ജുഷ.പി.വി.കെ,സെക്രട്ടറി. |
| 1-28 | 37700 | ശ്രീമതി നിഷ.ജി,കൃഷി ഓഫീസർ |
| 1-29 | 1632 | ശ്രീമതി നിഷ.ജി,കൃഷി ഓഫീസർ |
| 1-30 | 274468 | ശ്രീവേണുഗോപാലൻ.എ.കെ, അസിസ്റ്റന്റ് സെക്രട്ടറി. |
| ആകെ | ₹1211275 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം

മേൽവിലാസവും.

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മഞ്ജുഷ.പി.വി.കെ, സെക്രട്ടറി. | സെക്രട്ടറി, പെരിങ്ങോം വയക്കര പഞ്ചായത്ത്. | ജ്യോതിസ്, തെക്കുമ്പാട്, എളമ്പച്ചി(പി.ഒ) |
| ശ്രീമതി നിഷ.ജി, കൃഷി ഓഫീസർ | കൃഷി ഓഫീസർ, പെരിങ്ങോം വയക്കര പഞ്ചായത്ത്. | വി വി സി ഹൗസ്, മയിച്ച. ചെറുവത്തൂർ |
| ശ്രീവേണുഗോപാലൻ.എ.കെ, അസിസ്റ്റന്റ് സെക്രട്ടറി. | അസിസ്റ്റന്റ് സെക്രട്ടറി, എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്. | അന്നൂർ,പയ്യന്നൂർ |

(എഫ്) ഓഡിറ്റ് എൻക്വയറികളുടെ അടിസ്ഥാനത്തിൽ തിരിച്ചടച്ച തുകകളുടെ വിവരം.

| എൻക്വയറി നമ്പർ | വിഷയം | അടവാക്കിയ തുക | രസീത് നം.തീയതി, അടവാക്കിയ വ്യക്തിയുടെ പേര് |
|---|---|---|---|
| 01/2020-21തീയതി 27-06-2022 | കരാർ ചമക്കുന്നതിലെ കാലതാമസം-ബില്ലിൽ നിന്നും പിഴ ഈടാക്കിയില്ല- കരാറുകാരന് 9741/-രൂപ അധികം നൽകി | 9741 | 1220100837/G130106തീയതി 30-06-2022 |
| 2/2020-21തീയതി 27-06-2022 | പൊന്നമ്പാറ കുടിവെള്ള പദ്ധതി-പ്രവൃത്തി പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് കേരള PWD മാന്വലിലെ വ്യവസ്ഥ | 10813 | 1220100823/G130106 തീയതി 30-06-2022 |

| | | | |
|---|---|---|---|
| | പ്രകാരം പിഴ ഈടാക്കിയിട്ടില്ല.കരാറുകാരന് 10813/-രൂപ അധികം നൽകി | | |
| 15/2020-21 തീയതി 28-06-2022 | പൊതുമരാമത്ത് പ്രവൃത്തികൾ-ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം പൂർത്തീകരണകാലാവധി ദീർഘിപ്പിച്ച് നൽകിയ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം- പിഴ ഈടാക്കിയിട്ടില്ല. | 17023 | 1220100823/G130106 തീയതി 30-06-2022 -8381/-രൂപ<br>1220100816/G130106 തീയതി 29-06-2022 -8642/-രൂപ |
| 13/2020-21 തീയതി 28-06-2022 | ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 2400 | 1220100822/G130106 തീയതി 29-06-2022 |
| 35/2020-21 തീയതി 30-06-2022 | ലൈസൻസ് ചുമത്തുന്നതിലെ അപാകങ്ങൾ. | 5000 | 1220100820/G130106 തീയതി 29-06-2022 -3750/-രൂപ<br>1220100819/G130106 തീയതി 29-06-2022 -1250/-രൂപ |
| ആകെ | | 44,977 | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | നിലവിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന തടസ്സങ്ങളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | കെ എസ് എ / കെ എൻ ആർ സി 1/771/2019 തീയതി 20.06.2019 | 1 | |

| | | | |
|---|---|---|---|
| 1999-2000 | കെ എസ് എ / കെ എൻ ആർ സി 1/771/2019 തീയതി 20.06.2019 | 2 | |
| 2000-01 (പദ്ധതിയേതരം) | കെ എസ് എ / കെ എൻ ആർ സി 1/771/2019 തീയതി 20.06.2019 | 1 | |
| 2001-02(പദ്ധതി) | കെ എസ് എ / കെ എൻ ആർ സി 1/771/2019 തീയതി 20.06.2019 | 1 | |
| 2002-03 | കെ എസ് എ / കെ എൻ ആർ സി 1/771/2019 തീയതി 20.06.2019 | 1 | |
| 2003-04 | കെ എസ് എ / കെ എൻ ആർ സി 1/771/2019 തീയതി 20.06.2019 | 5 | |
| 2004-05 | കെ എസ് എ / കെ എൻ ആർ സി 1/771/2019 തീയതി 20.06.2019 | 3 | |
| 2005-06 | കെ എസ് എ / കെ എൻ ആർ സി 1/771/2019 തീയതി 20.06.2019 | 9 | |
| 2006-07 | കെ എസ് എ / കെ എൻ ആർ സി 1/771/2019 തീയതി 20.06.2019 | 2 | |
| 2007-08 | കെ എസ് എ / കെ എൻ ആർ സി 1/771/2019 തീയതി 20.06.2019 | 3 | |
| 2008-09 | കെ എസ് എ / കെ എൻ ആർ സി 1/771/2019 തീയതി 20.06.2019 | 14 | |
| 2009-10, 2010-11 | കെ എസ് എ / കെ എൻ ആർ സി 1/771/2019 തീയതി 20.06.2019 | 2 | |
| 2011-12, 2012-13 | കെ എസ് എ / കെ എൻ ആർ സി 1/771/2019 തീയതി 20.06.2019 | 6 | |
| 2013-14, 2014-15 | കെ എസ് എ / കെ എൻ ആർ സി 1/771/2019 തീയതി 20.06.2019 | 2 | |
| 2015-16 | കെ എസ് എ / കെ എൻ ആർ സി 1/771/2019 തീയതി 20.06.2019 | 5 | |
| 2016-17 | കെ എസ് എ / കെ എൻ ആർ സി 1/771/2019 തീയതി 20.06.2019 | 6 | |
| 2017-18 | കെഎസ് എ /കെഎൻ ആർ സി 1/1592/18 തീയതി 10.12.2019 | 18 | |
| 2018-19 | കെ എസ് എ / കെ എൻ ആർ സി 1/1115/2020 തീയതി 12-01-2021 | 16 | |
| 2019-20 | കെ എസ് എ / കെ എൻ ആർ സി 1/59/2022 തീയതി 18.05.2022 | 17 | |

ഡെപ്യൂട്ടി ഡയറക്ടർ ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| PERINGOME VAYAKKARA GRAMA PANCHAYAT | | | |
|---|---|---|---|
| RECEIPT & PAYMENT REPORT FOR THE PERIOD FROM 01-04-2020 TO 31-03-2021 | | | |
| CODE | HEAD ACCOUNT | SCHEDULE NO | CURRENT YEAR AMOUNT |
| Opening Balance | | | |
| 450000000 | Cash and Bank balances | RP-40(a) | 18,024,573.00 |
| Receipts | | | |
| 110000000 | Tax Revenue | RP-1 | 1,378,340.00 |
| 140000000 | Fees & User Charges | RP-4 | 622,089.00 |
| 150000000 | Fees & User Charges | RP-5 | 313,981.00 |
| 160000000 | Revenue Grants Funds And Contributions & Compensations | RP-7 | 70,853,502.00 |
| 171000000 | Intrest Earned | RP-9 | 365,424.00 |
| 210000000 | Establishment Expenses | RP-12 | 10.00 |
| 290000000 | Prior Period Items | RP-25 | 12,000.00 |
| 311000000 | Earmarked Funds | RP-28 | 3,368.00 |
| 320000000 | Grants Funds And Contributions Specific purposes | RP-30 | 7,112,394.00 |
| 360000000 | Provisions | RP-36 | 0.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5,435,656.00 |
| 460000000 | Loans Advances & Deposits | RP-49 | 30,000.00 |
| Non-Operating | | | |
| 180000000 | Other Income | RP-10 | 21,889.00 |
| 340000000 | Deposit Received | RP-33 | 159,294.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-35 | 659,337.00 |
| | Total | | 104,991,857.00 |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-12 | 1,888,471.00 |
| 220000000 | Administrative Expenses | RP-13 | 439,078.00 |
| 230000000 | Operations & Maintenance | RP-14 | 496,416.00 |
| 240000000 | Intrest & Finance Charges | RP-15 | 1,371.00 |
| 250000000 | Annual Plan Revenue Expenses (Productive Sector) | RP-16 | 9,233,727.00 |
| 251000000 | Annual Plan Revenue Expenses (Service Sector) | RP-17 | 20,007,842.00 |
| 252000000 | Annual Plan Revenue Expenses (Infrastructure Sector) | RP-18 | 3,187,978.00 |
| 254000000 | State Sponsored Schemes | RP-19 | 590,640.00 |
| 311000000 | Earmarked Funds | RP-28 | 36,500.00 |
| 320000000 | Grants,Funds & Contributions for Specific Purpose | RP-30 | 1,697,123.00 |
| 412000000 | Capital Work in progress | RP-39 | 23,867,844.00 |
| 414000000 | Annual Plan – Capital Expenses (Service Sector) | RP-41 | 1,721,308.00 |
| 415000000 | Annual Plan – Capital Expenses (Infrastructure Sector) | RP-42 | 1,963,288.00 |
| 460000000 | Loans Advances and Deposits | RP-49 | 972,826.00 |
| Non-Operating | | | |
| 340000000 | Deposit Received | RP-33 | 119,808.00 |
| 350000000 | Other Liabilities | RP-35 | 22,094,575.00 |

| | | | |
|---|---|---|---|
| Closing Balances | | | |
| 450000000 | Cash & Bank Balances | RP-40(b) | 16,384,683.00 |
| | Total | | 104,991,857.00 |

## അനുബന്ധം-3-2
## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

INCOME AND EXPENDITURE STATEMENT OF
PERINGOME VAYAKKARA GRAMA PANCHAYAT
FOR THE PERIOD FROM 01-04-2020 TO 31-03-2021

| Code No | Description of items | Schedule No. | Current Year Amount |
|---|---|---|---|
| 110000000 | Tax Revenue | 1-1 | 6,181,34.00 |
| 120000000 | Assigned Revenue & Compensation | 1-2 | 0.00 |
| 130000000 | Rental Income from Panchayat Propefties | 1-3 | 549,332.00 |
| 140000000 | Fees & User Charges | 1-4 | 950,729.00 |
| 150000000 | Sales & Hire Charges | 1-5 | 313,981.00 |
| 160000000 | Revenue Grants, Contributions & Compensation | 1-6 | 181,031,771.00 |
| 170000000 | Income from Investments | 1-7 | 0.00 |
| 171000000 | Interest Earned | 1-8 | 365,424.00 |
| 180000000 | Other Income | 1-9 | 21,889.00 |
| A | Total - INCOME | | 189,414,440.00 |
| 210000000 | Establishment Expenses | 1-10 | 10,676,110.00 |
| 220000000 | Administrative Expenses | 1-11 | 1,422,973.00 |
| 230000000 | Operations & Maintenance | 1-12 | 1,179,634.00 |
| 240000000 | Interest & Finance Charges | 1-13 | 2,862.00 |
| 250000000 | Decentralised Plan Programme - Productive Sector | 1-14 | 7,757,902.00 |
| 251000000 | Decentralised Plan Programme - Service | 1-14(A) | 32,321,198.00 |

| | | | |
|---|---|---|---|
| | Sector | | |
| 252000000 | Decentralised Plan Programme - Infrastructure Sector | 1-14(B) | 3,608,279.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | 1-14(C) | 9,010,043.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Schemes | 14(D) | 91,964,640 |
| 255000000 | Maintenance Projects | 1-14(E) | 0.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | 1-14(F) | 0.00 |
| 260000000 | Grants, Contributions and Compensations from Own Fund | 1-15 | 0.00 |
| 270000000 | Provisions & Write off | 1-16 | 4,302.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Inventsments | 1-17 | 0.00 |
| 272000000 | Depreciation | 1-17(A) | 5,183,139.00 |
| B | Total : EXPENDITURE | | 163,131,082.00 |
| | Gross Surplus / (deficit) of income over expenditure before Prior Period Items. | | 26,283,358.00 |
| D=290000000 | Prior Period Items(Net) | 1-18 | 714,210.00 |
| E=C-D | Gross Surplus / (deficit) of income over expenditure after Prior Period Items. | | 25,569,148.00 |
| 290000000 | Transfer to Reverse Funds | | |
| | Net Balance being surplus / deficit carried over to Balance sheet (Panchayat Fund) | | |

## അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

| |
|---|
| PERINGOME VAYAKKARA GRAMA PANCHAYAT |

| BALANCE SHEET AS ON 31-03-2021 | | | |
|---|---|---|---|
| CODE NO | DESCRIPTION OF ITEMS | SCHEDULE NO | CURRENT YEAR AMOUNT |
| 310000000 | Panchayat (General) Fund | B-1 | -17,159,736.00 |
| 311000000 | Earmarked Fund | B-2 | 3,780.00 |
| 312000000 | Reserves | B-3 | 104,675,042.00 |
| 320000000 | Grants Funds And Contributions for secifice purposes | B-4 | 7,355,029.00 |
| 330000000 | Secured Loans | B-5 | 24,431,490.00 |
| 331000000 | Unsecured Loans | B-6 | 0.00 |
| 340000000 | Deposit Received | B-7 | 992,803.00 |
| 341000000 | Deposit works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 2,799,245.00 |
| 360000000 | Provisions | B-10 | 0.00 |
| | Total | | 123097,653.00 |
| 410000000 | Fixed Assets | B-11 | 2,763,848.00 |
| 342000000 | Capital work in progress | B-11(b) | 736,035.00 |
| 413000000 | Annual plan- Capital Expenses (Productive sector) | B-11(c) | 1,015,799.00 |
| 414000000 | Annual plan- Capital Expenses Service sector) | B-11(d) | 10,776,254.00 |
| 415000000 | Annual plan- Capital Expenses (Infrastructure sector) | B-11(e) | 139,726,434.00 |
| 416000000 | Accumulated Depreciation | B-11(a) | (-)57,143,816.00 |
| 420000000 | Investment General Fund | B-12 | 2181,250.00 |
| 421000000 | Sundry Debtors | B-13 | 0.00 |
| 430000000 | Stock in Hand (Inventories) | B-14 | 0.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 5,533870.00 |
| 432000000 | Accumulated provision against bad and doubtful receivables | B-15(a) | 0.00 |
| 440000000 | Pre-paid expenses | B-16 | 0.00 |
| 450000000 | Cash and Bank balances | B-17 | 16,384,683.00 |
| 460000000 | Loans and Advances and deposits | B-18 | 1,123,296.00 |
| 461000000 | Accumulated provisions against Loans and Advances and Deposits | B-18(a) | 0.00 |
| 470000000 | Other Assets | B-19 | 0.00 |
| 480000000 | Miscellaneous Expenditure to be return off | B-20 | 0.00 |
| | Total | | 123,097,653.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.